പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3585 | 12.12.2014 ൽ മറുപടിയ്ക്ക് |
|---|---|
| ശിശു വികസന പദ്ധതി | |
| **ചോദ്യം** | **ഉത്തരം** |
| ശ്രീ.ഇ.കെ.വിജയൻ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) സ്ത്രീകളുടെയും കുട്ടികളുടെയും സേവനത്തിനും ശാക്തീകരണത്തിനുമായി ആരംഭിച്ച ശിശു വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഈ സർക്കാർ എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കിവരുന്നത്; വിശദാംശം നൽകാമോ; | (എ) ശിശു വികസന പദ്ധതിയിൻ കീഴിൽ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ താഴെപ്പറയുന്നവയാണ്.<br>(1) **<u>രാജീവ് ഗാന്ധി സ്കീം ഫോർ എംപവർമെന്റ് ഓഫ് അഡോളസെന്റ് ഗേൾസ് - സബല</u>**<br>100% കേന്ദ്ര സഹായത്തോടെ 11 മുതൽ 18 വയസ്സുവരെയുള്ള കൗമാര പ്രായക്കാരായ പെൺകുട്ടികളുടെ ആരോഗ്യപോഷണ നിലവാരം ഉയർത്തുന്നതിനും അവരുടെ വിവിധങ്ങളായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതിയായ സബല (രാജീവ് ഗാന്ധി സ്കീം ഫോർ എംപവർമെന്റ് ഓഫ് അഡോളസെന്റ് ഗേൾസ്) കൊല്ലം, ഇടുക്കി, മലപ്പുറം, പാലക്കാട് ജില്ലകളിൽ നടപ്പിലാക്കിവരുന്നു.<br>(2) **<u>കിശോരി ശക്തി യോജന</u>**<br>100% കേന്ദ്ര സഹായത്തോടെ 11 മുതൽ 18 വയസ്സുവരെയുള്ള കൗമാര പ്രായക്കാരായ പെൺകുട്ടികളുടെ സാമൂഹിക മാനസിക വളർച്ച ലക്ഷ്യമിട്ടുകൊണ്ട് സബല പദ്ധതി നടപ്പിലാക്കുന്ന ജില്ലകൾ ഒഴികെയുള്ള മറ്റു ജില്ലകളിലെ 174 ഐ.സി.ഡി.എസ്. പ്രോജക്ടുകളിൽ ടി പദ്ധതി നടപ്പിലാക്കി വരുന്നു.<br>(3) **<u>ഇന്ദിരാഗാന്ധി മാതൃത്വ സഹയോഗ യോജന (IGMSY)</u>**<br>കേന്ദ്ര സർക്കാർ ഒരു പൈലറ്റ് പ്രോജക്ടായി 52 ജില്ലകളിൽ നടപ്പിലാക്കിയ ഈ മാതൃത്വ സഹായ പദ്ധതി സംസ്ഥാനത്ത് പാലക്കാട് ജില്ലയിൽ നടപ്പിലാക്കി വരുന്നു. തൊഴിൽ ചെയ്തു ജീവിക്കുന്ന സ്ത്രീകൾക്ക് |

ഗർഭ-പ്രസവ കാലയളവിൽ ഉണ്ടാകുന്ന തൊഴിൽ/ വരുമാന നഷ്ടം ഒരു പരിധിവരെ പരിഹരിക്കുന്നതിനും ടി കാലയളവിൽ സ്ത്രീക്കും കുഞ്ഞിനും ആവശ്യമായ ആരോഗ്യ പോഷണ പരിചരണം ഉറപ്പാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണിത്. 19 വയസ്സിനു മേൽ പ്രായമുള്ള സ്ത്രീകൾക്ക് അവരുടെ ആദ്യത്തെ രണ്ട് സജീവജനനത്തിനു 4000/- രൂപ വീതമുള്ള സാമ്പത്തികാനുകൂല്യമാണ് പദ്ധതി പ്രകാരം ലഭിക്കുന്നത്. കേന്ദ്ര ഭക്ഷ്യ സുരക്ഷാനിയമം 2013 പ്രകാരം 2013 ജൂലൈ 5 -ന് ശേഷം പദ്ധതിയിൽ രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കൾക്ക് സാമ്പത്തികാനുകൂല്യമായി 6000/- രൂപ രണ്ടു ഗഡുക്കളായി ലഭിക്കുന്നു. സ്ത്രീകളുടേയും അവർ പ്രസവിക്കുന്ന കുഞ്ഞിന്റേയും അരോഗ്യപോഷണ സംബന്ധമായ ചില നിബന്ധനകൾ പാലിക്കപ്പെടുന്ന മുറയ്ക്ക് മൂന്ന് ഗഡുക്കളായി ഗുണഭോക്താവിന്റെ ബാങ്ക്/ പോസ്റ്റ് ഓഫീസ് അക്കൗണ്ട് വഴി ഈ സാമ്പത്തികാനുകൂല്യം പൂർണ്ണമായും ഗുണഭോക്താവിന് നൽകുമ്പോൾ ഗുണഭോക്താവ് ഒന്നിന് അങ്കണവാടി വർക്കർക്ക് 200 രൂപയും ഹെൽപ്പർക്ക് 100 രൂപയും അഡീഷണൽ ഇൻസെന്റീവായി നൽകുന്നു.

(4) <u>സൈക്കോ സോഷ്യൽ സർവ്വീസ് പദ്ധതി</u>

കൗമാര പ്രായക്കാരായ പെൺകുട്ടികളുടെ സാമൂഹ്യ മാനസികാവസ്ഥ മെച്ചപ്പെടുത്തുന്നതിന് ഊന്നൽ നൽകിക്കൊണ്ട് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിയ സൈക്കോ സോഷ്യൽ സർവ്വീസ് പദ്ധതി, സംസ്ഥാനത്തെ തെരെഞ്ഞെടുത്ത 500 സ്കൂളുകളിൽ നടപ്പിലാക്കി വരുന്നു.

(5) <u>സംയോജിത ശിശു വികസന പദ്ധതി</u>

സംയോജിത ശിശു വികസന പദ്ധതി ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. ടി പദ്ധതിയ്ക്കു കീഴിൽ 33115 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. സമൂഹത്തിന്റെ താഴെ തട്ടിൽ നിന്നുള്ള കുട്ടികളാണ് അങ്കണവാടികളിലെത്തുന്നത്. ടി കുട്ടികളുടെ ചെറിയ അസുഖങ്ങൾ മാറ്റുന്നതിനായി മെഡിസിൻ കിറ്റുകൾ നൽകുന്നുണ്ട്. കുട്ടികളുടെ ഭാര നിർണ്ണയം നടത്തുന്നതിനായി അങ്കണവാടികളിൽ വെയിംഗ് സ്കെയിലുകൾ വാങ്ങി നൽകുന്നുണ്ട്. അങ്കണവാടികളുടെ ആവശ്യങ്ങൾക്കായി Flexi Fund, Contingency എന്നീ ഇനങ്ങളിൽ പ്രത്യേക ഫണ്ടും

| | |
|---|---|
| | അനുവദിച്ച് നൽകുന്നുണ്ട്. കുട്ടികളെ പരിപാലിക്കുന്നതിനായി അങ്കണവാടികളിൽ നിയോഗിച്ച വർക്കർ/ഹെൽപ്പർമാർക്ക് രണ്ട് ജോഡി യൂണിഫോം വീതം നൽകി വരുന്നുണ്ട്.<br>(6) **പൂരക പോഷകാഹാര പദ്ധതി**<br>ഐ.സി.ഡി.എസ് പ്രോജക്ടുകളുടെ കീഴിൽ 33115 അങ്കണവാടികളിലൂടെ പൂരക പോഷകാഹാര പദ്ധതി നടപ്പിലാക്കി വരുന്നു. അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പോഷകാഹാര പദ്ധതിയ്ക്കായി തുക വകയിരിത്തിയിരിക്കുന്നത്. 6 മാസം മുതൽ 3 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് അമൃതം ന്യുട്രിമിക്സ് പൗഡർ Take Home Ration ആയി നൽകി വരുന്നു. 3 മുതൽ 6 വയസ്സുവരെ പ്രായമുള്ള പ്രീ-സ്കൂൾ കുട്ടികൾക്കുള്ള ഭക്ഷണം, കുമാരിമാർ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ ഇവർക്കായി പോഷകാഹാരം എന്നിവ അങ്കണവാടികളിലൂടെ നൽകി വരുന്നു. |
| (ബി) പ്രസ്തുത പദ്ധതികൾക്കായി കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച ഫണ്ട് വിനിയോഗം കാര്യക്ഷമമായി നടക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഇല്ല. |
| (സി) എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (സി) ബാധകമല്ല |

**സെക്ഷൻ ഓഫീസർ**